**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **07-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എം. എം. മണി,<br>ശ്രീ വി ജോയി,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ ധനസഹായം നൽകിവരുന്ന പദ്ധതി സുഗമവും സുതാര്യവുമായി നടത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നമ്മുടെ നാടിനെ അടുത്തറിയുന്ന, ലോകമെമ്പാടുമുള്ളവർ നൽകുന്ന സംഭാവനയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന സ്രോതസ്സ്. അതോടൊപ്പം ഓരോ സംസ്ഥാന ബജറ്റിലും നിശ്ചിത വിഹിതം ഇതിലേയ്ക്ക് വകയിരുത്തുന്നു. 2016-17 മുതൽ 2024-25 വരെ **1950** കോടി രൂപയാണ് ഇപ്രകാരം നീക്കിവച്ചത്.<br><br>ഓഖിയുടെയും പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും അവസര ങ്ങളിലും, ഇപ്പോൾ ചൂരൽമല-മുണ്ടക്കൈ എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ അവസരത്തിലും ഈ നിധിയിലേയ്ക്ക് ജനങ്ങൾ നൽകിയ സംഭാവന വളരെ വലുതാണ്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 14 -11 - 2016-ൽ പുറപ്പെടുവിച്ച G.O.(MS) 586/16/REV ഉത്തരവ് പ്രകാരം ചികിത്സാ സഹായത്തിനും അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനുമായുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ ഗുണഭോക്താവിന് ധനസഹായം ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈൻ മുഖാന്തിര മാക്കിയിട്ടുണ്ട്. ഇതു വഴി സഹായധനം ലഭിക്കുന്നതിനുള്ള കാലതാമസം വൻതോതിൽ ഒഴിവാക്കാനായി.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യിലേക്കുള്ള അപേക്ഷ **cmo.kerala.gov.in** എന്ന പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാം. ഇതിനു പുറമേ സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ അക്ഷയ സെന്ററുകൾ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഇതിനായി എല്ലാ അക്ഷയസെന്ററുകൾക്കും ലോഗിൻ ഐ.ഡി നൽകിയിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തെ എല്ലാ എം.എൽ.എ.മാർക്കും, സംസ്ഥാനത്തു നിന്നുള്ള എല്ലാ എം.പിമാർക്കും നൽകിയിട്ടുള്ള ലോഗിൻ ഐ.ഡിയിലൂടെയും അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. ഇതിനുപുറമേ തപാലിലൂടെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി മാറ്റുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ അക്കാര്യം ഉടനടി എസ്.എം.എസ് ആയി അപേക്ഷയിൽ രേഖപ്പെടുത്തിയ മൊബൈൽ നമ്പറിലേക്ക് ലഭിക്കും. തുടർന്ന് അപേക്ഷ ഒരു ഓഫീസിൽ നിന്നും മറ്റൊരു ഓഫീസിലേക്ക് ഓൺലൈനായി അയയ്ക്കുമ്പോൾ അക്കാര്യവും എസ്.എം.എസ് ആയി അറിയിക്കുന്നു. തുക അനുവദിക്കുന്ന മുറയ്ക്ക് ആ വിവരവും എസ്.എം.എസ്. ആയി ഗുണഭോക്താവിന് ലഭിക്കുന്നു. ഇതിനുപുറമേ അപേക്ഷയുടെ തൽസ്ഥിതി അതത് ഗുണഭോക്താവിന് പോർട്ടലിൽ ലഭിക്കും. **18004257211** എന്ന ടോൾഫ്രീ നമ്പറിൽ ഓഫീസ് സമയങ്ങളിൽ അപേക്ഷയുടെ തൽസ്ഥിതി അറിയാനും കഴിയും.<br><br>അപേക്ഷകരുടെ അർഹത നിർണ്ണയിച്ച് അവ സമയബന്ധിതമായും കാര്യക്ഷമമായും പരിശോധിച്ചാണ് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സഹായധനം നേരിട്ട് ലഭ്യമാക്കുന്നത്. 10,000 രൂപ വരെ അനുവദിക്കാനുള്ള അധികാരം അതത് ജില്ലാകളക്ടർമാർക്കാണ്. അതിനുമുകളിൽ 15,000/- രൂപവരെ റവന്യ‍ു വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും 25,000/- രൂപ വരെ റവന്യൂ മന്ത്രിക്കും അനുവദിക്കാൻ കഴിയും.<br><br>3 ലക്ഷം രൂപ വരെ മുഖ്യമന്ത്രിയും, പ്രത്യേകം പരിഗണന നൽകേണ്ട സാഹചര്യമുള്ള അപേക്ഷകൾ മന്ത്രിസഭ പരിശോധിച്ചുമാണ് സഹായധനം നിശ്ചയിക്കുന്നത്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് 3ലക്ഷം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. |
| (ബി) | ഈ സർക്കാർ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | നാളിതുവരെ വിവിധ ഇനങ്ങളിലായി **2135.5** കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അസുഖബാധിതർക്ക് സഹായധനം അനുവദിക്കുന്നതിന് അവലംബിച്ച് വരുന്ന | (സി) | രോഗിയുടെ കുടുംബ വാർഷിക വരുമാനം **2** ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. ചികിത്സിക്കുന്ന ആശുപത്രിയിൽ നിന്നും, ഡോക്ടറുടെയും |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | ആശുപത്രിയുടെയും സീലുള്ള, രോഗത്തിന്റെ വിവരവും, ചികിത്സയുടെ വിവരവും, ചെലവായ തുകയും വ്യക്തമായി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.<br><br>രോഗിയുടെ പേര് ഉൾപ്പെട്ടിട്ടുള്ള റേഷൻകാർഡ്, രോഗിയുടെ ആധാർ, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ വ്യക്തമായ പകർപ്പ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഒരു തവണ തുക അനുവദിച്ച കഴിഞ്ഞാൽ 2 വർഷം കഴിഞ്ഞു മാത്രമേ വീണ്ടും തുക അനുവദിക്കുന്നത് പരിഗണിക്കുകയുള്ളൂ. എന്നാൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഈ നിബന്ധന ബാധകമല്ല.<br><br>ജീവിതശൈലീ രോഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കാറില്ല.<br><br>മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവ് വരുന്നപക്ഷം ബില്ലുകളും, ചികിത്സാരേഖകളും സമർപ്പിക്കേണ്ടതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കെതിരായി ചില മാധ്യമങ്ങളിൽ വരുന്ന വ്യാജവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണ് മേപ്പാടി പഞ്ചായത്തിലുണ്ടായത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി. ഒരുതരത്തിലുമുള്ള ആക്ഷേപങ്ങൾക്കും ഇടനൽകാതെയാണ് ഈപ്രവർത്തനങ്ങളെല്ലാം നടന്നത്. ഇതിന് എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടായി. അത് തകർക്കുക എന്ന ലക്ഷ്യത്തോടെ പുറത്തുവന്ന വ്യാജവാർത്തകൾ ദുരിതാശ്വാസനിധിയിലേയ്ക്ക് കൈയ്യയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്ന ദുഷ്ടലാക്കോടു കൂടിയുള്ളതായിരുന്നു. തെറ്റായ വാർത്തയെന്ന് തിരിച്ചറിഞ്ഞ് ചില മാധ്യമങ്ങൾ അത് തിരുത്തുവാൻ തയ്യാറായി. ഇത്തരം വിവാദങ്ങൾ വഴി ദുരന്തത്തിനിരയായ മനുഷ്യരാണ് യഥാർത്ഥത്തിൽ ദ്രോഹിക്കപ്പെട്ടത്.<br><br>നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി സഹായം ലഭിക്കാൻ തയ്യാറാക്കി നൽകിയ മെമ്മോറാണ്ടമാണ് ഇത്തരത്തിൽ വ്യാജ വാർത്ത വഴി വിചാരണ ചെയ്യപ്പെട്ടത്.<br><br>ജനങ്ങളുടെ അതിജീവനപ്പോരാട്ടങ്ങളെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ഇത്തരം വാർത്തകൾ |

| | | | |
|---|---|---|---|
| | | | നൽകുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ